ശ്രീ. വി. ശ്രീധരൻ : ഇന്ന മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ അതു പരിപൂർണ്ണമായും വിജയിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. എ. എ. റഹിം : ചില വൈകല്യങ്ങൾ ഉണ്ടെന്നറിയാം.

ശ്രീ. പ്രാക്കുളം ഭാസി : അടുത്ത വർഷത്തിൽ എതെങ്കിലും താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹിം : അതു് ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

ശ്രീ. എ. എ. ഡി. ലൂയിസ് : ഈ കമ്മിഷനുമായി ഇൻറർവ്യൂ നടത്താൻ ആവശ്യപ്പെട്ടവർക്ക് അവസരം നൽകിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : അറിയാൻ പാടില്ല.

ശ്രീ. എം. വി. ചെറിയാൻ : മദ്യനിരോധനം സംസ്ഥാനമൊട്ടാകെ എന്നത്തേയ്ക്കു നടപ്പാക്കും എന്നു പറയാമോ?

ശ്രീ. എ. എ. റഹിം : അതിനെപ്പറ്റി ആലോചിച്ചു. തീരുമാനം സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. വി. ചെറിയാൻ : അടുത്തവർഷം എതെങ്കിലും താലൂക്കിൽ മദ്യനിരോധനം ഏർപ്പെടുത്തുന്നുണ്ടോ?

ശ്രീ. എ. എ. റഹിം : അതിനെപ്പറ്റി പറഞ്ഞുകഴിഞ്ഞു.

ശ്രീ. എൻ. ജി. ചാക്കോ : മദ്യനിരോധനക്കമ്മിഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ കോപ്പി ഈ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : ഉണ്ടു്.

ശ്രീ. സി. കെ. വിശ്വനാഥൻ : മദ്യനിരോധനം ഏർപ്പെടുത്തുമ്പോൾ തൊഴിലില്ലാതായിത്തീരുന്ന ചെത്തുതൊഴിലാളികളുടെ കാര്യം ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. എ. എ. റഹിം : ശ്രദ്ധിക്കുന്നതാണു്.

അടകടികൾ.

* 198. [5] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) 1955-ൽ എത്ര അടകടികൾ പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടു്;

(ബി) എല്ലാ വില്ലേജാഫീസുകളിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫാറം ലഭിച്ചിട്ടില്ലെന്ന പരാതി ഗവണ്മെൻറ് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഉടനടി ഈ പരാതിക്കു പരിഹാരം ഉണ്ടാക്കുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) 2333 അടകടി അപേക്ഷകൾ പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബ) ഉണ്ട്.

(സി) വേണ്ട പരിഹാരം ചെയ്യുകഴിഞ്ഞു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കടികിടപ്പു രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫാറം എല്ലാ വില്ലേജാഫീസുകളിലും കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ : എല്ലാ ഡിസ്ട്രിക്റ്റുകളിലും ആവശ്യമുള്ളത്ര ഫാറങ്ങളും അയച്ചുകൊടുക്കുന്നതിനു് റവന്യൂബോർഡിലേയ്ക്കു നിർദ്ദേശം നൽകിയിട്ടുണ്ടു്. അച്ചടിച്ച ഫാറങ്ങളും തന്നെ വേണമെന്നില്ല. കൈയെഴുത്തുപ്രതികളോ, ടൈപ്പു ചെയ്തവയോ മതിയാകുമെന്നും അറിയിച്ചിട്ടുണ്ടു്. അതനുസരിച്ചു് ഇപ്പോൾ വില്ലേജാഫീസുകളിൽ അപേക്ഷകൾ സ്വീകരിക്കുന്നുമുണ്ടു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ആക്ടിലെ വ്യവസ്ഥ അനുസരിച്ചു് അടകടിക്കാർക്കു പേരു രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒവ്വേഷമുണ്ടെങ്കിൽ അടിസ്ഥാനമാക്കി തിരുവിതാംകൂർ-കൊച്ചി കർഷകസംഘം നിവേദനം സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അതിന്മേൽ എന്തു തീരുമാനമെടുത്തു?

ശ്രീ. എ ജെ. ജാൺ : ഒന്നും തീരുമാനിച്ചിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ നില തുടരുകയാണെങ്കിൽ ഈ സംസ്ഥാനത്തെ ആയിരക്കണക്കിനുള്ള അടകടിക്കാർക്കു് ഈ ആക്ടനുസരിച്ചു രജിസ്റ്റർ ചെയ്യാൻ കഴിയാതെ വരികയില്ലേ?

ശ്രീ. എ ജെ. ജാൺ : അങ്ങനെ വരികയില്ല. രജിസ്ട്രേഷൻ നടക്കുന്നുണ്ടു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : എല്ലാ ഡിസ്ട്രിക്റ്റിലും സർവ്വെ പ്ലാൻ ഇല്ലാത്തതുകൊണ്ടു് രജിസ്ട്രേഷനു വിഷമമുണ്ടാകുന്നുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ : എല്ലാ പകർപ്പുകളിലും ആവശ്യമുള്ള സർവ്വെ നമ്പരുകൾ നൽകുന്നതിനു റവന്യൂബോർഡിലേയ്ക്കു ഗവണ്മെൻറിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ടു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : സർവ്വെ പ്ലാൻ കിട്ടുന്നില്ലെന്നുള്ള പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഫാറം കിട്ടുന്നില്ലെന്നുള്ള പരാതിയുണ്ടു്. അതിനു ആവശ്യമായ നിർദ്ദേശവും നൽകിയിട്ടുണ്ടു്. സർവ്വെ നമ്പർ കിട്ടുന്നില്ലെങ്കിൽ ഗവണ്മെൻറിനെ അറിയിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. ടി. വി. തോമസ്സു് : ആക്ടിലെ വ്യവസ്ഥ അനുസരിച്ചു് അടകടിക്കാർ രജിസ്റ്റർ ചെയ്യണമെന്നു പറയുന്നു. രജിസ്ട്രേഷൻ തീരുമാനത്തിൽ അവർക്കു പരാതിയുണ്ടെങ്കിൽ നാലു് അപ്പീൽ കേസുകൾ കൊടുക്കേണ്ടിവരുന്നുവെന്നറിയാമോ?

ശ്രീ. എ. ജെ ജാൺ : രജിസ്റ്റർ ചെയ്യുന്നതിനു് അനുകൂലമായ തീരുമാനമുണ്ടാകുന്നില്ലെങ്കിൽ അതിന്മേൽ അപ്പീൽ കൊടുക്കുവാൻ വ്യവസ്ഥയുള്ളതുതന്നെ അവർക്കു് അനുകൂലമായിട്ടാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്സ് : തഹശീൽദാരന്മാരുടെ തീരുമാനങ്ങളെ തിരായ, കളക്ടറുടെ തീരുമാനത്തിനെതിരായി റവന്യൂബോർഡിലേയ്ക്കും, റവന്യൂബോർഡിലെ തീരുമാനത്തിനെതിരായി, ഗവണ്മെൻറിലേയ്ക്കും അപ്പീൽ കൊടുക്കുകയെന്നുവച്ചാൽ അതു് അടക്കുകിക്കാരനു് സാധിക്കുമോ?

ശ്രീ. എ. ജെ. ജാൺ : അതു നിയമപ്രകാരമാണെന്നു മാത്രമേ പറയാനുള്ളൂ. അതിനു മാറ്റം വരുത്തുന്നതു ശരിയായിരിക്കുമെന്നു തോന്നുന്നില്ല.

ട്രാൻസ്പോർട്ടബസ്സ് സർവ്വീസു നടുകയും.

* 199. [6] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ പുതുതായി എത്രയെണ്ണം വീതം സ്റ്റേറ്റ് ട്രാൻസ്പോർട്ടുബസ്സ് സർവ്വീസ് ആരംഭിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റൂട്ടുകളിൽ ;

(സി) ഈ വർഷത്തിൽ എത്രയെല്ലാം റൂട്ടുകളിൽനിന്നും സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവ്വീസുകൾ പിൻവലിക്കുകയുണ്ടായി ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) (1) തിരുവനന്തപുരം–കല്ലാർ എക്സ്പ്രസ്സ് സർവ്വീസ്.

(2) തിരുവനന്തപുരം–പുനലൂർ എക്സ്പ്രസ്സ് സർവ്വീസ്.

ശ്രീ. പി. വിശ്വംഭരൻ : കൂടുതൽ ട്രാൻസ്പോർട്ട് സർവ്വീസുകൾ കഴിഞ്ഞകൊല്ലം ആരംഭിക്കാതെയിരിക്കുവാൻ പ്രത്യേകകാരണം വല്ലതുമുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ചില റൂട്ടുകൾ തുടങ്ങുന്നതിനെ സംബന്ധിച്ചു് ഹൈക്കോടതിയിൽനിന്നും സ്റ്റേ ചെയ്തിരിക്കുകയാണു്. റൂട്ടുകൾ നാഷണലൈസ് ചെയ്യാതെ പുതിയ റൂട്ടുകൾ തുടങ്ങാൻ നിവൃത്തിയില്ല.

ശ്രീ. പി. വിശ്വംഭരൻ : റൂട്ടുകൾ നാഷണലൈസ് ചെയ്യാൻ ഗവണ്മെൻറ് നടപടികൾ നടത്തുന്നുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതു മനപ്പൂർവ്വം ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. വിശ്വംഭരൻ : ഓരോ റൂട്ടിൻറെയും ലാഭനഷ്ടങ്ങൾ നോക്കിയാണോ സർവ്വീസ് നടത്തുന്നതു് ?

ശ്രീ. കെ. ഐ. വേലായുധൻ : അതും പരിഗണിക്കുന്നുണ്ടു്.

ശ്രീ. പി. വിശ്വംഭരൻ : ഇപ്പോൾ പിൻവലിച്ചിരിക്കുന്ന സർവ്വീസുകൾ നഷ്ടത്തിലായതുകൊണ്ടാണോ പിൻവലിച്ചതു് ?

LIBRARY ARCHIVES Kerala Legislative Assembly